# കേരള സർവകലാശാല

നം. പി.ആർ.210/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.ജി. സർട്ടിഫിക്കേറ്റ് ഇൻ ക്രിമിനോളജി ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു.

കേരള സർവ്വകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. സർട്ടിഫിക്കേറ്റ് ഇൻ ക്രിമിനോളജി ആന്റ് ക്രിമിനൽ ജസ്റ്റിസ് അഡ്മിനിസ്ട്രേഷൻ കോഴ്സിന് അപേക്ഷ ക്ഷണിയ്ക്കുന്നു. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം.ഫീസ്: 9000/- (ഒൻപതിനായിരം) രൂപ, നിയമ ബിരുദധാരികൾക്ക് ഫീസ് : 8500 രൂപ കോഴ്സ് കാലാവധി : ആറ് മാസം അവസാന തീയതി : 12-10-2017 ക്ലാസ്സുകൾ : ശനി, ഞായർ ദിവസങ്ങളിൽ മാത്രം.വിശദവിവരങ്ങൾക്ക് : 0471-2302523.

## പി.ജി. ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സിന് ഒക്ടോബർ പത്ത് (10-10-2017) വരെ അപേക്ഷിയ്ക്കാം. യോഗ്യത : കേരള സർവകലാശാല അംഗീകരിച്ച ബിരുദം ഫീസ് : 16500/- രൂപ, അപേക്ഷാഫീസ് : 100 രൂപ, കോഴ്സ് കാലാവധി ഒരു വർഷം. പ്രായപരിധി ഇല്ല. ക്ലാസ്സുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. വിശദ വിവരങ്ങൾക്ക് പി.എം.ജി യിലുള്ള സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ : 0471-2302523

## സർട്ടിഫിക്കേറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ - ഈവനിംഗ് ബാച്ച് - തീയതി നീട്ടി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കേറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ - ഈവനിംഗ് കോഴ്സിന് 27 വരെ അപേക്ഷിക്കാം. (സെപ്റ്റംബർ 27 വരെ) യോഗ്യത : പ്ലസ് ടു/ പ്രീ-ഡിഗ്രി ജയിച്ചിരിയ്ക്കണം. ഫീസ് : 6000 രൂപ, അപേക്ഷ ഫീസ് : 100 രൂപ . ക്ലാസ്സുകൾ തിങ്കൾ മുതൽ ശനി വരെ - വൈകുന്നേരം അഞ്ചു മണി മുതൽ ഏഴ് മണി വരെ. വിശദ വിവരങ്ങൾക്ക് : തിരുവനന്തപുരം പി.എം.ജി ജംങ്ഷനിലെ സി.എ.സി.ഇ.ഇ കേന്ദ്രവുമായി ബന്ധപ്പെടുക. ഫോൺ : 0471-2302523.

## ബി.എ/ബി.കോം ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് (2013 അഡ്മിഷന് മുൻപ്), ബി.കോം കോമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിങ് (2013 അഡ്മിഷന് മുൻപ്) തുടങ്ങിയവയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദമായ ഫലം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## എം.ഫിൽ ഡിസർട്ടേഷൻ സമർപ്പണം

കേരള യൂണിവേഴ്സിറ്റിയിലേയും യൂണിവേഴ്സിറ്റി കോളേജിലേയും പഠന വകുപ്പിലുള്ള (2106-2017 ബാച്ച്) രണ്ടാം സെമസ്റ്റർ എം.ഫിൽ വിദ്യാർത്ഥികൾക്ക് പരീക്ഷാഫീസ് അടയ്ക്കേണ്ട അവസാന തീയതി പിഴയില്ലാതെ

ഒക്ടോബർ നാലിനും അൻപതു രൂപ ഫൈനോടുകൂടി ആറിനും 250 രൂപ ഫൈനോടുകൂടി ഒൻപതിനും ആകുന്നു. ഡിസർട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 16.

## പ്രോജക്ട് പ്രസന്റേഷൻ

വിദൂര വിദ്യാഭ്യാസ പഠന വിഭാഗം നടത്തുന്ന നാലാം സെമസ്റ്റർ എം.എസ്‌സി കമ്പ്യൂട്ടർ സയൻസ് ബാച്ചിന്റെ ഫൈനൽ ഇന്റേണൽ പ്രോജക്ട് പ്രസന്റേഷൻ ഒക്ടോബർ ആറ്, ഒക്ടോബർ ഏഴ് ദിവസങ്ങളിൽ എസ്. ഡി. ഇ ൽ വച്ച് നടത്തപ്പെടും. കൂടുതൽ വിവരങ്ങൾക്കായി എസ്. ഡി. ഇ യുടെ വെബ്സൈറ്റ് സന്ദർശിക്കുക.

## പരീക്ഷാതീയതി മാറ്റം

കേരള സർവകലാശാല സെപ്തംബർ 28-ാം തീയതി നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എം.ബി.എ (ഫുൾ ടൈം/റഗുലർ ഈവനിങ്/ട്രാവൽ ആന്റ് ടൂറിസം/യു.ഐ.എം) ഡിഗ്രി പരീക്ഷ (2014 സ്കീം) യുടെ ഫിനാൻഷ്യൽ ഡെറിവേറ്റീവ്സ്/ഗ്രീൻ ലോജിസ്റ്റിക്സ് ആന്റ് സപ്ലൈ ചെയിൻസ് പേപ്പറും നാലാം സെമസറ്റർ ബി.എം.എം.എ.എം ഡിഗ്രി പരീക്ഷയുടെ ഡി.ഡി.സി.എം 402 - മൈക്രോ ഇക്കണോമിക്സ് പേപ്പറും ഒക്ടോബർ 17-ാം തീയതി നടത്തും. പരീക്ഷകേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

## വൈവ-വോസി എക്സാമിനേഷൻ

കേരള സർവകലാശാല 2017 ജൂലൈ-ആഗസ്റ്റ് മാസം നടത്തിയ എം.എ ഇക്കണോമിക്സ് സപ്ലിമെന്ററി (വിദൂര വിദ്യാഭ്യാസം)/ മേഴ്സി ചാൻസ് പരീക്ഷകളുടെ വൈവ-വോസി എക്സാമിനേഷൻ ഒക്ടോബർ നാലാം തീയതി വിദൂരവിദ്യാഭ്യാസ കേന്ദ്രം, പാളയം സെന്ററിൽ വെച്ച് നടത്താൻ തീരുമാനിച്ചിരിക്കുന്നു. വിശദവിവരങ്ങൾക്ക് സർവ്വകലാശാല വെബ്സൈറ്റ് സന്ദർശിക്കുക.

## ബി.പി.എഡ് പരീക്ഷ

കേരള സർവകലാശാല 2017 ഒക്ടോബറിൽ നടത്തുന്ന അഞ്ച്, ഏഴ് സെമസ്റ്റർ (റെഗുലർ, സപ്ലിമെന്ററി) ബാച്ച്ലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) പരീക്ഷയ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി പിഴ കൂടാതെ ഒക്ടോബർ 9 (50 രൂപ പിഴയോടെ ഒക്ടോബർ 11, 125 രൂപ പിഴയോടെ ഒക്ടോബർ 13) വരെ സമർപ്പിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.റ്റി.എസ്) പരീക്ഷ

കേരള സർവകലശാല 2017 ഒക്ടോബറിൽ നടത്തുന്ന ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ സ്റ്റഡീസ് (ഡി.റ്റി.എസ്) പരീക്ഷയ്ക്കുള്ള അപേക്ഷകൾ പിഴയില്ലാതെ ഒക്ടോബർ അഞ്ച് വരെയും 50 രൂപ പിഴയോടുകൂടി ഒക്ടോബർ ഏഴ് വരെയും, 125 രൂപ പിഴയോടുകൂടി ഒക്ടോബർ പത്ത് വരെയും സമർപ്പിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പി.ജി പ്രവേശനം 2017 – പ്രവേശനം ഇന്നു കൂടി(27.09.2017)

കേരള സർവകലശാല ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ഒന്നും രണ്ടും അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ചവർക്ക് ഇന്നു കൂടി (27.09.2017) പ്രവേശനം നേടാവുന്നതാണ്

തിരുവനന്തപുരം.
26.09.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**